# *REASON FOR THE DELAY*

## (താമസം സംഭവിക്കുന്നതിന്റെ കാരണം എന്ത്)

**നമ്മുടെ ജീവിതത്തിൽ സംഭവങ്ങൾ രണ്ടു വിധത്തിൽ നടക്കുന്നു.**

(1). വേഗത്തിൽ

(2). സാവധാനത്തിൽ (കാലദൈർഘ്യം ദൈവഹിത പ്രകാരം).

**വചനത്തിൽ നിന്നുള്ള രണ്ട് ഉദാഹരണങ്ങൾ ശ്രദ്ധിക്കാം.**

**(1). വേഗത്തിൽ സംഭവിച്ചത്. (അപ്പോ:പ്ര:8:4-8,26-40)**

ഫീലിപ്പോസ് ശമർയ്യ പട്ടണത്തിൽ ചെന്ന് അവരോട് ക്രിസ്തുവിനെ പ്രസംഗിച്ചു. അവൻ പറയുന്നത് അവർ ശ്രദ്ധയോട് കേട്ടു, വിശ്വസിച്ചു അതിനാൽ അനേക അത്ഭുതങ്ങൾ അവരുടെ ഇടയിൽ സംഭവിച്ചു. ആ പട്ടണത്തിൽ വളരെ സന്തോഷം ഉണ്ടായി. എന്നാൽ ആ സ്ഥലത്തു നിന്നും ഗസെക്കുള്ള വഴിയിലേക്ക് പോകുവാൻ കർത്താവിന്റെ ദൂതൻ ഫീലിപ്പോസിനോട് ആവശ്യപ്പെട്ടു. എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ മാനസാന്തരവും സ്നാനവും നടക്കേണ്ടതിനാലാണ് അവിടേക്കയച്ചത്. ആ ദൗത്യം തീർന്നയുടൻ ഗസ്സെയിൽ നിന്ന് അസ്തോദിലേക്ക് (60 km ദൂരം) യഹോവയുടെ ദൂതൻ ഫീലിപ്പോസിനെ എത്തിച്ചു.

**(2). സാവധാനത്തിൽ (1 ശമു 16 മുതൽ).**

അനുസരണക്കേട് കാട്ടിയ ശൗലിനു പകരം രാജാവാക്കുവാൻ “ ഞാൻ ഒരുവനെ കണ്ടിരിക്കുന്നു”, “ ഞാൻ പറഞ്ഞുതരുന്നവനെ നീ എനിക്കായിട്ട് അഭിഷേകം ചെയ്യേണം”. ( 1 ശമു: 16:1,b,3b) ബേത്ലഹേമിലെത്തിയ ശമുവേൽ പ്രവാചകൻ യഹോവ കല്പിച്ചതു പോലെ ചെയ്തു. അഭിഷേകം നടന്നു എങ്കിലും ദാവീദിന്റെ വനവാസം തുടർന്നു. കൊട്ടാരത്തിലേക്കുള്ള യാത്രയുടെ കാലാവധി നീണ്ടുപോയി, മാത്രമല്ല ജീവനും ഭീഷണി ആയിത്തീർന്നു എന്നാൽ ദൈവം ഒരുവനെ എങ്ങനെ കണ്ടോ അതേ നടക്കുകയുള്ളൂ. കടന്നു പോകേണ്ട വഴികൾ കഠിനമാകാം. ലോക മനുഷ്യർ കരുതും ഇത് പ്രതികൂലമാണെന്ന്. കൂടാതെ ഇത് ആ വ്യക്തിയുടെ തകർച്ച എന്നും. എന്നാൽ പ്രതികൂലങ്ങളെ നമ്മുടെ അനുഗ്രഹത്തിന്റെ വാതിലാക്കുവാൻ ദൈവത്തിന് കഴിയും. സാവകാശം ഇഴഞ്ഞ് നീങ്ങുന്ന കാര്യങ്ങൾ ജീവിതത്തിലുണ്ടാകുന്നു. കൈ എത്തും ദൂരത്ത് അനുഗ്രഹം കാണാം. പക്ഷേ ഒന്നും നടക്കുന്നില്ല. കുടുംബ ജീവിതത്തിൽ. ജോലിയിൽ, പഠനത്തിൽ, ആരോഗ്യത്തിൽ എല്ലാം ശരിയെന്നോ, പിഴവുണ്ടെന്നോ പറയുവാൻ കഴിയുന്നില്ല. പുറമേ നോക്കുന്നവർക്ക് പ്രശ്നമുള്ളതായി തോന്നുന്നില്ല, എന്നാൽ എന്തോ ചില പ്രശ്നങ്ങൾ ഒളിച്ചിരിക്കുന്നു. പലരും പ്രാർത്ഥിച്ചു; നടക്കുമെന്ന് പറഞ്ഞതൊന്നും നടക്കുന്നില്ല. നിരാശയിലായ നാം ഏലിയാവിനെപ്പോലെ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങിയ അവസ്ഥയിലാണോ? എന്നാൽ തട്ടിയുണർത്തി കനലിൽ ചുട്ട ഒരടയും ഒരു തുരുത്തി

വെള്ളവുമായി ദൂതൻ വരുന്നു. അത് പ്രാപിച്ചാൽ നാം ഭാഗ്യമുള്ളവർ. എന്നാൽ ഈ അനുഗ്രഹവുമായി വരുന്ന ദൂതൻ നമ്മുടെ അടുത്ത് എത്താതെ തടയുന്ന പിശാച് ഉണ്ടെന്ന് കായീനോട് പറഞ്ഞ മുന്നറിയിപ്പ് ഓർക്കുക. ഉല്പത്തി (4: 5-7).

വാതില്ക്കൽ കിടക്കുന്ന പാപം ദൂതനെ മടക്കി അയയ്ക്കാതെ നാം പാപത്തെ ജയിക്കണം. ഇവിടെ ജയിക്കേണ്ട പാപങ്ങൾ കോപം, ഈർഷ്യ നിരാശ മുതലായവയാണ്. ഇവയെ തോല്പിച്ച് ദൂതനിൽ നിന്ന് സകലവും പ്രാപ്യമാക്കുന്നവരാകുക. നാം ദൂതനെ നിരാശരാക്കുന്നവരോ? സഹായിപ്പാൻ അനുവദിക്കുന്നവരോ?

ഈ പൈശാചിക സ്വഭാവങ്ങൾ എപ്രകാരം നീങ്ങിപ്പോകും എന്ന് മത്താ (17:21) ൽ പറയുന്നു. "പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല".

ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ നാം ദാനിയേലിന്റെ ഉപവാസത്തെപ്പറ്റി പഠിക്കുന്നതും നല്ലതാണ്. നീതിപ്രവർത്തികൾ ഇല്ലാത്ത ഞങ്ങൾ മഹാകരുണയിൽ ആശ്രയിക്കുന്നു എന്ന പാപബോധത്തോടെയുള്ള പ്രാർത്ഥനയോടെ (ദാനി:9:4-19) ആരംഭിച്ചു എങ്കിലും പ്രാർത്ഥനയുടെ മറുപടി ഒന്നാംദിവസം തന്നെ ലഭിച്ചതിനെ സാത്താൻ തടഞ്ഞു. (ദാനി:10:12,13). മീഖായേലിന്റെ സഹായത്തോടെയാണ് പിന്നീട് അത് ലഭ്യമാകുന്നത്. ഉപവാസത്തിന്റെ മറുപടികൾ തടയാതെ ശക്തിയോടെ പ്രാർത്ഥിച്ച് ജയം നേടണം.

യേശുവിന്റെ അടുക്കൽ പ്രശ്നവുമായി ചെല്ലുന്നവർ അദ്ദേഹത്തിന്റെ ചോദ്യത്തിന് വ്യക്തമായ മറുപടി പറയണം. മർക്കോസ് (9:21) ൽ തന്റെ അടുക്കൽ ഊമനും ബധിരനുമായ മകനുമായി വന്ന പിതാവിനോട് യേശു ചോദിക്കുന്നു. "ഇത് അവന് സംഭവിച്ചിട്ട് എത്ര കാലമായി" ചെറുപ്പം മുതൽ തന്നെ. ചെറുപ്പം മുതൽ മറുതലിക്കുന്ന കുഞ്ഞുങ്ങളെ ഓർത്ത്, അവരെ ബാധിച്ച രോഗത്തെ ഓർത്ത് ഭാരപ്പെടുന്നവരാണ് പലരും. എന്നാൽ ഈ വായനഭാഗത്തെ (മർക്കോ :9:17-27) പിതാവിനെപ്പോലെ യേശുവിന്റെ അടുക്കൽ കൊണ്ടു ചെല്ലുവാനോ, കർത്താവേ മനസ്സലിയേണമേ എന്ന് പറയുവാനുള്ള താഴ്മയോ, സന്മനസ്സോ പല പിതാക്കൻമാരും കാണിക്കുന്നില്ല. എപ്പോൾ സഹായം ആവശ്യപ്പെട്ട് അടുത്തു ചെല്ലുന്നുവോ അപ്പോൾ മനസ്സലിവുള്ള പിതാവ് നമ്മെ സഹായിക്കും

വർഷങ്ങളായി മറുപടി ആഗ്രഹിക്കുന്ന വിഷയത്തെപ്പറ്റി ദു:ഖിക്കേണ്ട. ഊമനും ചെകിടനുമായി (ആത്മീയമായി) തീയിലും വെള്ളത്തിലും(കഷ്ടതയിൽ, പ്രതികൂലത്തിൽ) തള്ളിയിടുന്ന വിഷയങ്ങളുടെ മറുപടി തക്കസമയത്ത് വേഗത്തിൽ പൂർത്തിയാക്കുന്നവനാണ് കർത്താവ്. മനസ്സലിയേണമേ കർത്താവേ, ഞാൻ വിശ്വസിക്കുന്നു എന്ന് പറഞ്ഞ് മകനെ യേശുവിന്റെ അടുക്കലെത്തിക്കുക. യേശു ശാസിക്കുമ്പോൾ ദുരാത്മാവ് അവനെ മരിച്ച അവസ്ഥയിലാക്കി വിട്ടുപോകും. അപ്പോൾ യേശു അവനെ എഴുന്നേല്പിക്കും. ഈ ഭാഗത്തു നിന്നും

ഉയർച്ച അഥവാ ഫലം തരാത്ത വിഷയങ്ങളുടെ മേൽ എങ്ങനെ ജയം നേടാം എന്ന് നോക്കുക.

1. യേശുവിന്റെ അടുക്കൽ ചെല്ലുക.
2. അദ്ദേഹത്തിന്റെ ചോദ്യത്തിന് കൃത്യമായി മറുപടി പറയുക.
3. നിലവിളി ഉയർത്തുക.
4. കർത്താവിൽ പൂർണ്ണമായി വിശ്വസിക്കുക.
5. പ്രശ്ന പരിഹാരം ലഭിക്കുമ്പോൾ നന്ദി പറയുക

താമസം പിന്നീട് ഉണ്ടാകുന്നില്ല. പിന്നീട് അനർത്ഥം വ്യസനകാരണമാകാതെ നാം അത്യുന്നതന്റെ ചിറകിന്റെ മറവിലാകയും ചെയ്യുന്നു. അതിനായി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ


Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind